മന്ത്രി ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് ഈ അസംബ്ലി നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽത്തന്നെ വിളിച്ചുകൂട്ടി തീരദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും മന്ത്രിമാരുടെയും ഡിപ്പാർട്ടുമെന്റിന്റെയും ഒരു കോ-ഓർഡിനേഷൻ ഉണ്ടാകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ആന്റണി:</u> ബഹുമാനപ്പെട്ട മെമ്പറുടെ ഈ ഭഗീരഥ സ്വഭാവം മാനിച്ചുകൊണ്ട്, കാരണം വളരെ പ്രധാന മാനുഷിക പ്രശ്നമാണ് ഇവിടെ പറഞ്ഞത്, ഈ അസംബ്ലി സമ്മേളനം അവസാനിക്കുന്നതിന് മുമ്പായി തീരദേശ എം.എൽ.എ.-മാരുടെ യോഗം ഞാൻ തന്നെ വിളിച്ചു കൂട്ടാം. ആരൊക്കെ പങ്കെടുക്കണമെന്ന് തീരുമാനിക്കാം.

IV. സബ്മിഷൻ

(1) ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

<u>ശ്രീ. ബിനോയ് വിശ്വം:</u> സർ, ഗൾഫിലെ മലയാളികളുടെ വിഷമങ്ങളെ പറ്റിയൊന്നും ഞാൻ പറയുന്നില്ല. അങ്ങേക്കും അറിയാം, അവർക്കും അറിയാം. അവരുടെ കാര്യങ്ങളിൽ ഗവൺമെന്റിന്റെ ശ്രദ്ധ കുറച്ചുകൂടി പതിയണം. അവരുടെ പ്രശ്നം ഗുരുതരമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള കേരള ബഡ്ജറ്റിലുള്ള കാര്യങ്ങൾ അട്ടിമറിക്കാൻ നീക്കം ആരംഭിച്ചു കഴിഞ്ഞു. പല രാജ്യങ്ങളിലും സ്വദേശി വാദം ശക്തിപ്പെടുകയാണ്. തൊഴിൽ നിയമങ്ങളുടെ കാര്യത്തിൽ വല്ലാത്ത അരക്ഷിതാവസ്ഥ അവിടെയുണ്ട്. അതുപോലെതന്നെ കുവൈറ്റ് പോലെയുള്ള പല സ്ഥലങ്ങളിലും ആക്രമണ പരമ്പരയുണ്ട്. പല സ്ഥലങ്ങളിലും നമ്മുടെ എംബസി നിസ്സംഗതരാണ്. എംബസി ഈ വിഷയങ്ങളിൽ താൽപ്പര്യം കാണിക്കുന്നില്ല. ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രി ഈ കാര്യങ്ങളിൽ മനസ് വച്ചിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ മുഖ്യമന്ത്രി ഗൾഫിലേക്ക് പോകുന്നുവെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം ആദ്യത്തെ കാര്യങ്ങളാണ്. നമ്മെയെല്ലാം ജീവിപ്പിക്കുവാൻവേണ്ടി അവിടെ വിയർപ്പൊഴുക്കുന്ന അവരുടെ കാര്യങ്ങളിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. കേന്ദ്ര വിദേശകാര്യ മന്ത്രി, വ്യോമയാന മന്ത്രി എന്നിവർ ഇവിടെ വരുംമുമ്പ് കേരളത്തിന്റെ മൊത്തം മനസ് അതിനകത്തുണ്ട് എന്നു കാണിച്ച് ഒരു സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടുവാൻ ഗവൺമെന്റ് ശ്രമിക്കണമെന്നാണ് എന്റെ റിക്വസ്റ്റ്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. ഹസ്സൻ</u>): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്. അദ്ദേഹം പറഞ്ഞ ഗൾഫിലെ മലയാളികളുടെ യാത്രാ പ്രശ്നം സംബന്ധിച്ചും അതുപോലെതന്നെ മണ്ണിന്റെ മക്കൾ വാദം, കായിക ആക്രമണങ്ങൾ, ജോലി സുരക്ഷ ഇല്ലായ്മ, എംബസികളുടെ നിസ്സംഗത ഇത്തരം കാര്യങ്ങളെല്ലാം തന്നെ പല സന്ദർഭങ്ങളിലും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പുതിയ ഗവൺമെന്റ് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന ഉടൻതന്നെ 25-5-2004-ൽ വിദേശകാര്യ മന്ത്രിയേയും വ്യോമയാന മന്ത്രിയേയു മെല്ലാം നേരിൽക്കണ്ട് നിവേദനം നൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദേശകാര്യ മന്ത്രിയെക്കണ്ട് വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം കേരളത്തിൽ വരാമെന്നും കേരള ഗവൺമെന്റുമായി ഇതെല്ലാം ചർച്ച ചെയ്യാമെന്നും സമ്മതിച്ചിട്ടുണ്ട്. ജൂലൈ പത്താം തീയതി വരാമെന്നാണ് അദ്ദേഹം സമ്മതിച്ചത്. പക്ഷേ എ.ഐ.സി.സി. സമ്മേളനം നടക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ വരവ് തൽക്കാലത്തേക്ക് മാറ്റിവച്ചിട്ടുണ്ട്. ഈ കാര്യങ്ങളിലെല്ലാം വളരെ ഗൗരവമായി, വളരെ താൽപ്പര്യത്തോടുകൂടി ഗവൺമെന്റ് ചെയ്യാവുന്നതെല്ലാം ചെയ്യും. എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ കാര്യത്തിൽ പല സന്ദർഭങ്ങളിലും അഭിപ്രായം പറഞ്ഞിട്ടുണ്ട്. വിദേശ മലയാളികളുടെ സംഘടനകൾ കത്തുകൾ മുതലായവ നൽകിയിട്ടുണ്ട്. കേരളത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എം.പി.-മാരുടെ യോഗം ജൂലൈ രണ്ടാം തീയതി കേന്ദ്ര ഗവൺമെന്റ് വിളിച്ചിട്ടുണ്ട്. ആ യോഗത്തിലും ഈ വിഷയം ചർച്ചയ്ക്ക് വരുന്നുണ്ട്. അതുകൊണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും അഭിപ്രായം ഗവൺമെന്റിന് നൽകിയാൽ അത് തീർച്ചയായിട്ടും ഗവൺമെന്റിന്റെ പ്രവർത്തനത്തിന് സഹായകരമായിരിക്കും. സർവ്വകക്ഷി യോഗത്തേക്കാൾ പ്രയോജനം എല്ലാ പാർട്ടികളുടെയും അഭിപ്രായങ്ങളാണ്. അതിനനുസരിച്ച് ഗവൺമെന്റ് പ്രവർത്തിക്കുന്നതാണ്.

(2) വൈരക്കൽ യൂണിറ്റ് ഉടമകൾ കൊള്ളയടിക്കപ്പെട്ടത് സംബന്ധിച്ച്

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, തൃശ്ശൂർ ജില്ലയിൽ, പ്രത്യേകിച്ച് കുന്നംകുളം നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട വ്യവസായമായ വൈരക്കൽ വ്യവസായത്തിൽപ്പെട്ട ആളുകൾ അവരുടെ പണിതു തീർത്ത വൈരക്കല്ലുമായി കോയമ്പത്തൂരിലേക്ക് പോകുന്ന വഴിക്ക് 2002 സെപ്തംബർ മാസം ഇരുപത്തിനാലാം തീയതി അവരുടെ കാർ ആക്രമിക്കപ്പെട്ടു. പാലക്കാട് ദേശീയ പാതയിൽ വച്ചാണ് ആക്രമിച്ചത്. അസ്സോസ്സിയേഷന്റെ പ്രസിഡന്റുൾപ്പെടെ പ്രധാനപ്പെട്ട ആളുകൾ ആക്രമിക്കപ്പെട്ടു. വൈരക്കല്ലുൾപ്പെടെ കുറെ രൂപയും അപഹരിക്കപ്പെട്ടു. അസ്സോസ്സിയേഷൻ ഉള്ളതുകൊണ്ട് പണിമുടക്ക് ഉൾപ്പെടെയുള്ള പല പ്രക്ഷോഭങ്ങളും ഉണ്ടായി. എന്നിട്ട് ഇതുവരെയായി പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. നിരവധി തവണ ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

10.00 a.m.]

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഈ കേസിൽ പാലക്കാട് പോലീസ് അന്വേഷിച്ചിട്ട് കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ അന്വേഷണം ഇപ്പോൾ ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. അടിയന്തിരമായി കേസന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ കണ്ടെത്താൻ ക്രൈം ബ്രാഞ്ചിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly